(എഫ്) ഈ ഒഴിവുകളിലേക്ക് 31-5-2000 വരെ ജോലി ചെയ്തിട്ടുള്ള എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. വിഭാഗക്കാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുമോ ;

(ജി) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പിലെ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് മുൻജലസേചന വകുപ്പുമന്ത്രി 28-2-2001-ന് വിളിച്ചു കൂട്ടിയ യോഗ തീരുമാനമനുസരിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ടി ജീവനക്കാരുടെ ഒരു സീനിയോറിറ്റി ലിസ്റ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് ജലവിഭവ വകുപ്പിൽ 31-5- 2000-ൽ 180 ഉം അതിൽകൂടുതലും ദിവസം ജോലി ചെയ്തിട്ടുള്ള 1517 എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരുണ്ട്. ഇവരുടെ കാറ്റഗറി തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി) എച്ച്. ആർ. കാറ്റഗറിയിൽ പുതിയ നിയമനം നടത്തരുതെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(എഫ്&ജി) ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അഭിപ്രായം പറയുവാൻ കഴിയുകയുള്ളു.

ജലവിഭവ വകുപ്പിൽ നിന്നും പുനർവിന്യസിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർ

45 (4653) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2003-ലെ സ. ഉ. (കൈ) നം. 33/03/തസ്വഭവ ഉത്തരവു പ്രകാരം ജലവിഭവ വകുപ്പിൽ നിന്നും പുനർവിന്യസിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരിൽ എത്രപേർക്ക് തിരികെ ജലവിഭവ വകുപ്പിലേക്ക് നിയമനം നൽകിയെന്നു വെളിപ്പെടുത്താമോ ;

(ബി) പുനർവിന്യാസപ്പട്ടികയിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരത്തിൽ ഒഴിവാക്കിയവർക്ക് പകരം ജീവനക്കാരെ തദ്ദേശ ഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇങ്ങനെ ഒഴിവാക്കിക്കൊടുക്കുന്നത് സർക്കാരിന്റെ പുനർവിന്യാസ പ്രക്രിയയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ വിഭാഗത്തിൽപ്പെട്ട 21 ജീവനക്കാരെ ജലവിഭവ വകുപ്പിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. (കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായും സീനിയോറിറ്റി ലംഘിച്ച് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിലും, ജവാൻമാരുടെ അടുത്ത ബന്ധുക്കളാണെന്ന പരിഗണനയിലും, ജീവനക്കാരുടെ വിദ്യാഭ്യാസ സൗകര്യം കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകിയുമാണ്, പുനർവിന്യാസത്തിൽ നിന്ന് ഒഴിവാക്കുന്നത്)

(ഡി) പകരം ജീവനക്കാരെ തദ്ദേശതണ വകുപ്പിലേക്ക് പുനർവിന്യസിക്കുമെന്ന വ്യവസ്ഥയിൽ മാത്രമാണ് പുനർവിന്യസിപ്പിച്ച ജീവനക്കാരെ അതിൽ നിന്ന് ഒഴിവാക്കുന്നത്.

(ഇ) പുനർവിന്യാസത്തിൽ നിന്ന് ഒഴിവാക്കുന്ന ജീവനക്കാരുടെ സ്ഥാനത്ത് തുല്യ തസ്തികയിലുള്ള പകരക്കാരെ നിയമിക്കുന്നതുകൊണ്ട് ഒഴിവാക്കൽ നടപടി പുനർവിന്യാസ പ്രക്രിയയെ ബാധിക്കുകയില്ല.

കാഡ പദ്ധതിയുടെ കീഴിലുള്ള പണികൾ

46 (4654) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കാഡ' പദ്ധതിയുടെ കീഴിലുള്ള പ്രോജക്ടുകളിൽ 15 വർഷമായി നടന്നുവരുന്ന പണികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് പറയുമോ ;

(സി) 'കാഡ' പദ്ധതി പ്രകാരമാരംഭിച്ചിട്ടുള്ള ഏതെല്ലാം പണികൾ തുടരാൻ തീരുമാനിച്ചു ; ഇവ ആരംഭിച്ചിട്ട് എത്ര കാലമായി ;

(ഡി) പ്രസ്തുത പണികൾ തുടരേണ്ടതില്ലെന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് പറയുമോ ;

(ഇ) ചിറ്റൂർപ്പുഴ പ്രോജക്ടിന് കീഴിലുള്ള 'കാഡ' പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഇവിടെ നടന്നുവരുന്ന പണികൾ തുടർന്നുകൊണ്ടു പോകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) കേന്ദ്ര ഗവൺമെന്റിൽ നിന്നും തുടർന്നും സഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly